**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1562** **03.05.2017-ൽ മറുപടിക്ക്**

## അപകടത്തിൽ പെടാതെ സ്വയം സംരക്ഷിക്കുവാൻ സ്ത്രീകൾ ശ്രമിക്കണമെന്ന അഭിപ്രായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | അപകടത്തിൽ പെടാതെ സ്വയം സംരക്ഷിക്കുവാൻ സ്ത്രീകൾ ശ്രമിക്കണമെന്നും ഇക്കാര്യത്തിൽ ജാഗ്രത കാണിച്ചില്ലെങ്കിൽ ആഭ്യന്തര വകുപ്പിന് ഒന്നും ചെയ്യുവാൻ പറ്റില്ലെന്നുമുള്ളത് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നയമാണോ; | (എ) | ഇത്തരം ഒരു നയമോ സമീപനമോ ഈ സർക്കാരിനില്ല. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്നു മാതൃകാപരമായ ശിക്ഷ നൽകുന്നതിനും, സ്ത്രീകൾക്ക് ഏതു സമയവും സുരക്ഷിതമായ യാത്ര ഒരുക്കുന്നതിനായി 'ഷീ ടാക്സി', 'ഷീ ഓട്ടോ' പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ത്വരിതഗതിയിൽ പ്രവർത്തിക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതും ആയത് പാലിക്കുന്നുണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നതുമാണ്. കൂടാതെ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതിയിലൂടെ സ്ത്രീകൾക്ക് സ്വയം പ്രതിരോധം, സ്വയരക്ഷ |

| | |
|---|---|
| | എന്നിവയിൽ സ്കൂൾ, കോളേജ് റസിഡന്റ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശീലനം നൽകി വരുന്നു. |
| (ബി) അടുത്തിടെ ഉണ്ടായ സ്ത്രീപീഡനങ്ങൾ എല്ലാം വ്യക്തിപരമായതിനാൽ പോലീസിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യുവാൻ കഴിയുകയില്ലായെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കുമ്പോൾ സ്ത്രീകൾ സ്വയംരക്ഷ തേടണം എന്നതാണോ സർക്കാരിന്റെ ഇക്കാര്യത്തിലുള്ള അഭിപ്രായമെന്ന് വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ